**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **07-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികളുടെ ഫീൽഡ് നടത്തിപ്പ് ചുമതല പ്രസ്തുത വകുപ്പിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിനെ നേരിട്ട് ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഇതിനുള്ള ഉത്തരവ് പുറത്തിറക്കിയത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. ഉന്നതതല യോഗങ്ങളിലെ നിർദ്ദേശ പ്രകാരമാണ് കിഫ്ബി റോഡ് - ബ്രിഡ്ജ് പ്രവൃത്തികളുടെ ഫീൽഡ് നടത്തിപ്പ് ചുമതല കെ.ആർ.എഫ്.ബി - പി.എം.യു വിഭാഗത്തെ ഏല്പിക്കു ന്നതിന് തീരുമാനിച്ചത്. |
| (ബി) | കിഫ്ബി പദ്ധതികളുടെ കരാർ ഉറപ്പിച്ച ശേഷം പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളിൽ ഉൾപ്പടെ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതും, എസ്റ്റിമേറ്റുകളിൽ പുന:പരിശോധന വേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | കരാർ ഉറപ്പിച്ച് പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ നിർമ്മാണ പ്രവൃത്തി കൾക്കിടയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം എസ്റ്റിമേറ്റിൽ സാങ്കേതികമാറ്റങ്ങൾ വരുത്തേണ്ടതായി വന്നിട്ടുണ്ട്. |
| (സി) | റോഡ് വികസനത്തിന് തടസ്സമായി നിൽകുന്ന പോസ്റ്റുകളും, ഇലക്ട്രിക് ലൈനുകളും, പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനും, മരങ്ങൾ മുറിക്കുന്നതിനുമുള്ള എസ്റ്റിമേറ്റുകൾ ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ വകുപ്പുകളിൽ നിന്നും വൈകുന്നതും, ഇവയ്ക്കുള്ള ഫണ്ടനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതും നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ യൂട്ടിലിറ്റി വിഭാഗങ്ങളിൽ നിന്നുള്ള എസ്റ്റിമേറ്റുകൾ കിഫ്ബിയിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കിയതിനുശേഷം കെ.ആർ.എഫ്.ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറുന്നു. തുടർന്ന് പ്രസ്തുത തുക യൂട്ടിലിറ്റി വിഭാഗങ്ങൾക്ക് നൽകി ടി വിഭാഗങ്ങൾ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നു. |
| (ഡി) | പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി.എ., കിഫ്ബി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കിടയിൽ നിലനിൽക്കുന്ന അധികാര പരിധിയെക്കുറിച്ചുള്ള സംശയം റിവേഴ്സ് എസ്റ്റിമേറ്റുകളും ബില്ലുകളും | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പാസ്സാക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിനും തടസ്സമാകുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| (ഇ) | ഇക്കാര്യങ്ങൾ പരിഗണിച്ച് കിഫ്ബി പദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതും, പദ്ധതി നടപ്പാക്കുന്നതുമെല്ലാം ഒറ്റ ഏജൻസിക്ക് നൽകാനും, പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | കിഫ്ബി പദ്ധതികൾക്കായി ഡി.പി.ആർ തയ്യാറാക്കുന്നതും, പദ്ധതി നടപ്പാക്കുന്നതുമെല്ലാം ഒറ്റ ഏജൻസിക്ക് നൽകുന്ന കാര്യം ഈ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ